വഴിവെളിച്ചം

# അനവസരങ്ങളിൽ ഇടപെടരുത്

عَن أَبِيهُرَيْرَةَ رَضِي اللَّهُ عَنه قَالَ: قَالَ رَسُولُ اللَّهِ ﷺ: مِنْ حُسْنِ إِسْلَامِ الْمَرْءِ تَرْكُهُ مَالا يَعْنِيه (أحمد ، مالك)

അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടാതിരിക്കുകയെന്നത് ഒരാളുടെ ഇസ്‌ലാമിക ജീവിതത്തിന്റെ മേന്മകളിൽ പെടുന്നു.

**വളരെ** ഉന്നതവും ഉദാത്തവുമായ ധാർമിക തത്വം ഉൾക്കൊള്ളുന്ന ഒരു തിരുവചനമാണിത്. ആവശ്യമില്ലാതെ എവിടെയും കയറി ഇടപെടുന്നത് വിശ്വാസത്തിന് ഭൂഷണമല്ലെന്നും അത് ഉപേക്ഷിക്കുകയാണ് വേണ്ടതെന്നുമാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്.

നിത്യജീവിതത്തിൽ മറ്റുള്ളവരുമായി ഇടപെടേണ്ട അവസരങ്ങൾ ധാരാളമുണ്ടാകും. അത് ഫലപ്രദമായി കൈകാര്യം ചെയ്യണം. സദുദ്ദേശ്യം സാധിക്കുന്ന സമീപനം മാത്രമേ സ്വീകരിക്കാവൂ. വിശ്വാസിയുടെ ബാധ്യതയാണിത്. ഔചിത്യബോധമില്ലാതെ സകലതിലും ഇടപെട്ടു അഭിപ്രായം പറയുന്നത് ശരിയല്ല. അപകടമാണു താനും.

വിശ്വാസിക്ക് ഇടപെടാവുന്നതും അല്ലാത്തതുമായ മേഖലകളുണ്ട്. ചിലപ്പോൾ മൗനമായിരിക്കും അഭികാമ്യം. ആളും തരവും നോക്കണം. അനാവശ്യമായ ഇടപെടലുകൾ വലിയ അനർഥങ്ങൾക്ക് നിമിത്തമായേക്കും. നിസ്സാര പ്രശ്നങ്ങൾ സങ്കീർണമാക്കുന്നതിനും വ്യക്തികൾക്കിടയിൽ വൈരം സൃഷ്ടിക്കുന്നതിനും അത് മതി.

ഇടപെടലുകൾ സുതാര്യവും സത്യസന്ധവുമാകണം. എന്റേതാണ് ശരിയെന്ന ധ്വനി പാടില്ല. വസ്തുനിഷ്ഠവും യുക്തിഭദ്രവുമായ അഭിപ്രായങ്ങളും സമീപനങ്ങളും ആരും സ്വാഗതം ചെയ്യാതിരിക്കില്ല. നാട്ടിൽ നടക്കുന്ന കാര്യങ്ങളിലെല്ലാം ചാടി വീണ് ഇടപെടുന്നത് പലപ്പോഴും പരിഹാസത്തിനിടവരുത്തും. മറ്റുള്ളവർ വല്ല വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ അതിലിടപെട്ടു സ്വാഭിപ്രായം പ്രകടിപ്പിക്കാനുള്ള വ്യഗ്രത ദൂരെ കളയുകയാണ് വേണ്ടത്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികൾ അനാവശ്യങ്ങൾക്കരികിലൂടെ കടന്നു പോകാനിടയായാൽ അതിലിടപെടാതെ മാന്യമായി കടന്നുപോകും" (25:72).

വിജയികളായ വിശ്വാസികളുടെ മുഖമുദ്രയാണിവിടെ ഖുർആൻ വിവരിക്കുന്നത്. നിരർഥകമായ സംസാരവും പ്രവർത്തനവും വിശ്വാസിയുടെ പ്രകൃതിയുമായി ഒരിക്കലും പൊരുത്തപ്പെടുകയില്ല. അത്തരം കാര്യങ്ങളുടെ മുന്നിൽ ചെന്നുപെട്ടാൽ അവർ മാന്യമായി അകന്നു നിൽക്കുകയാണ് ചെയ്യുക.

ഒരിക്കൽ ഖലീഫ ഉമർ(റ) ഒരാളുമായി സംസാരിക്കുന്നതിനിടയിൽ അംറുബ്നുൽ ആസ്(റ) ഇടയിൽ കയറി തന്റെ അഭിപ്രായം വെളിപ്പെടുത്തി. തികച്ചും അനാവശ്യമായ ഒരിടപെടലായിരുന്നു അത്. ഉമർ(റ)ന് അത് അരോചകമായി തോന്നി. ഉമർ(റ) ചുട്ട അടികൊടുത്തു. അടികിട്ടിയപ്പോൾ അംറിന് കാര്യം മനസ്സിലായി. തൽക്ഷണം അദ്ദേഹം പ്രതികരിച്ചു: "എന്നെ ഒന്നുകൂടി അടിക്കുക."■

**അബ്ജുൽജബ്ബാർ കൂരാരി**